കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

അനങ്ങനടി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: No.KSA PKD-P16/1259/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 07/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അനങ്ങനടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: No.KSA PKD-P16/1259/22 തീയ്യതി: 07/07/2022

പാലക്കാട് ജില്ലയിലെ അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-08-2019 മുതൽ 23-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-05-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി **(മുതൽ)**	തീയതി **(വരെ)**
ഇ.ശശിഭൂഷൻ	ഡെപ്യൂട്ടി ഡയറക്ടർ	25-04-2022	13-05-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി **(മുതൽ)**	തീയതി **(വരെ)**
25-04-2022	13-05-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

കെ.ആർ. പ്രകാശ് ബാബു, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)

എം.ശിവ പ്രസാദ്,അസി.ഓഡിറ്റ് ഓഫീസർ

എൻ.വി.കൃഷ്ണദാസ്, ഓഡിററർ

ഐ.കന്തസ്വാമി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി **(മുതൽ)**	തീയതി **(വരെ)**
എൻ.ആർ.രഞ്ജിത്ത്	പ്രസിഡന്റ്	01-04-2020	10-11-2020
അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി	പ്രസിഡന്റ്	11-11-2020	22-12-2020
പി.ചന്ദ്രൻ	പ്രസിഡന്റ്	23-12-2020	31-03-2021
മേബിൾ ഷീല	സെക്രട്ടറി	01-04-2020	22-10-2020
ജി.തുളസീധരൻ	സെക്രട്ടറി	23-10-2020	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി **(മുതൽ)**	തീയതി **(വരെ)**
സാറാ ജാസ്മിൻ	അസി.എഞ്ചിനീയർ	01-04-2020	23-06-2020
സനകൻ	അസി.എഞ്ചിനീയർ	24-06-2020	03-07-2020
സന്തോഷ്	അസി.എഞ്ചിനീയർ	04-07-2020	13-08-2020
സുകേഷ് സി.യു	അസി.എഞ്ചിനീയർ	14-08-2020	31-03-2021
സൗമ്യ ബി നായർ	കൃഷി ഓഫീസർ	01-04-2020	05-10-2020
പ്രിയ വള്ളാട്ട്	കൃഷി ഓഫീസർ	06-10-2020	31-03-2021
ഡോ.ശ്രീഹരി.എസ്	വെറ്ററിനറി സർജ്ജൻ	01-04-2020	25-06-2020
ഡോ.ദീപ	വെറ്ററിനറി സർജ്ജൻ	26-06-2020	30-06-2020
ഡോ.സൂസൻ ചെറിയാൻ	വെറ്ററിനറി സർജ്ജൻ	01-07-2020	31-03-2021
മുരുകേഷ് കെ.ആർ	അസി.സെക്രട്ടറി	01-04-2020	31-03-2021
ഗോപകുമാർ വി.എം	വില്ലേജ് എകസ്റ്റൻഷൻ ഓഫീസർ	01-04-2020	31-03-2021
ദീപ കെ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2020	31-03-2021
ടി.കെ.പ്രസന്ന	ഡയറി എകസ്റ്റൻഷൻ ഓഫീസർ	01-04-2020	31-03-2021
ഡോ.ജോർജ്ജ് മരിയൻ കുറ്റിക്കാട്ട്	മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)	01-04-2020	22-01-2021
ഡോ.സൗമ്യ	മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)	23-01-2021	31-03-2021
ഡോ.ധന്യ എസ്	മെഡിക്കൽ ഓഫീസആയുർവേദം)	01-04-2020	31-03-2021

ഡോ.ഷെറീന കെ.ടി	മെഡിക്കൽ ഓഫീസർ(ഹോമിയോ)	01-04-2020	31-01-2021
ഡോ.രാജി വി.പി	മെഡിക്കൽ ഓഫീസർ(ഹോമിയോ)	01-02-2021	31-03-2021
ഡോ.ധന്യ എസ്	മെഡിക്കൽ ഓഫീസആയുർവേദം)	01-04-2020	31-03-2021
ഡോ.ഷെറീന കെ.ടി	മെഡിക്കൽ ഓഫീസർ(ഹോമിയോ)	01-04-2020	31-01-2021
ഡോ.രാജി വി.പി	മെഡിക്കൽ ഓഫീസർ(ഹോമിയോ)	01-02-2021	31-03-2021

-

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ് Written By: K.R.Prakashbabu (Audit Officer, On 25-06-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-1
2	വാർഷികധനകാര്യപത്രിക Written By: Kanthaswami.I (Auditor, On 25-06-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-2
3	വാർഷികകണക്കുകളിലെ അപാകതകൾ Written By: Kanthaswami.I (Auditor, On 25-06-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-2-1
4	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) Written By: K.R.Prakashbabu (Audit Officer, On 25-06-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-3
5	ഫണ്ട് വിനിയോഗം Written By: K.R.Prakashbabu (Audit Officer, On 25-06-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-4
6	പദ്ധതി അവലോകനം Written By: K.R.Prakashbabu (Audit Officer, On 25-06-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-5
7	ക്ഷേമ പദ്ധതികൾ Written By: Krishnadas.N.V (Auditor, On 25-06-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-6
8	തൊഴിലുറപ്പ് പദ്ധതി Written By: K.R.Prakashbabu (Audit Officer, On 25-06-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-7
9	ക്യാഷ് പരിശോധന Written By: Kanthaswami.I (Auditor, On 19-05-2022) Last Updated By: Kanthaswami.I (Auditor, On 19-05-2022)	1-8
10	ആഭ്യന്തരനിയന്ത്രണം Written By: K.R.Prakashbabu (Audit Officer, On 25-06-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-9
11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം Written By: K.R.Prakashbabu (Audit Officer, On 25-06-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-10
12	ഡേഞ്ചറസ് ആന്റ് ഒഫൻസീവ് ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതാണ് Written By: Kanthaswami.I (Auditor, On 19-05-2022) Last Updated By: Kanthaswami.I (Auditor, On 19-05-2022)	1-11
13	പഞ്ചായത്ത് പ്രദേശത്ത് ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു Written By: Kanthaswami.I (Auditor, On 19-05-2022) Last Updated By: Kanthaswami.I (Auditor, On 19-05-2022)	1-11-1
14	കശാപ്പുശാലകൾക്കും ഇറച്ചിക്കടകൾക്കും ലൈസൻസ് നിർബന്ധമാക്കണം Written By: Kanthaswami.I (Auditor, On 19-05-2022) Last Updated By: Kanthaswami.I (Auditor, On 19-05-2022)	1-11-2
15	രജിസ്ട്രേഷൻ ഇല്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കുന്നു. Written By: Kanthaswami.I (Auditor, On 19-05-2022) Last Updated By: Kanthaswami.I (Auditor, On 19-05-2022)	1-12
16	തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്. Written By: Kanthaswami.I (Auditor, On 19-05-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-13
17	വാടക- അപാകതകൾ Written By: Kanthaswami.I (Auditor, On 19-05-2022) Last Updated By: Kanthaswami.I (Auditor, On 19-05-2022)	1-14

18	സർക്കാർ വിജ്ഞാപനങ്ങൾക്ക് അനുസൃതമായി എല്ലാ ഉപയോഗക്രമങ്ങൾക്കും വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല Written By: Kanthaswami.I (Auditor, On 19-05-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-15
19	അനധികൃത കെട്ടിടങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. Written By: Kanthaswami.I (Auditor, On 19-05-2022) Last Updated By: Kanthaswami.I (Auditor, On 19-05-2022)	1-16
20	ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചതിനാൽ നഷ്ടം Written By: Kanthaswami.I (Auditor, On 19-05-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-17
21	ആശ്രയ പ്രൊജക്ട് -തുക ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല- 103475 രൂപ തടസപ്പെടുത്തുന്നു Written By: M.sivaprasad (Asst. Audit Officer, On 21-05-2022) Last Updated By: M.sivaprasad (Asst. Audit Officer, On 21-05-2022)	1-18
22	പഞ്ചായത്തിലെ വിവിധ ഘടകസ്ഥാപനങ്ങളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ -പ്രൊക്യൂർമെന്റ് മാർഗരേഖ ലംഘനം Written By: M.sivaprasad (Asst. Audit Officer, On 21-05-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-19
23	എസ്.എസ്.എ വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമാക്കിയില്ല Written By: M.sivaprasad (Asst. Audit Officer, On 21-05-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-20
24	മുതിർന്ന പൗരൻമാർക്കും ഭിന്നശേഷിക്കാർക്കും സഹായ ഉപകരണങ്ങൾ നൽകൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ Written By: Krishnadas.N.V (Auditor, On 16-05-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-21
25	അനുപൂരക പോഷകാഹാര പദ്ധതികൾ - ജിഎസ്ടി ടിഡിഎസ് കുറവ് ചെയ്യാതെ ബിൽ അനുവദിക്കുന്നു. Written By: Krishnadas.N.V (Auditor, On 16-05-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-22
26	പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക്-കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കി. Written By: Krishnadas.N.V (Auditor, On 16-05-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-23
27	വിദ്യാർത്ഥികൾക്ക് മേശയും കസേരയും പദ്ധതി നിർവ്വഹണം-പ്രൊക്യൂർമെന്റ് മാർഗരേഖ ലംഘനം, പൂർണ്ണമായും വിതരണം നടത്തിയില്ല. Written By: Krishnadas.N.V (Auditor, On 16-05-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-24
28	ഡെപ്പോസിറ്റ് പ്രവൃത്തി- കേരള വാട്ടർ അതോറിറ്റി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല Written By: M.sivaprasad (Asst. Audit Officer, On 10-06-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-25
29	തെരുവ് വിളക്ക് പരിപാലനം-എല്ലാ വിളക്കുകൾക്കും മീറ്ററിംഗ് ഏർപ്പെടുത്തേണ്ടതും സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് Written By: M.sivaprasad (Asst. Audit Officer, On 10-06-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-26
30	വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ കൃത്യമായി	1-27

	പാലിക്കുന്നില്ല Written By: M.sivaprasad (Asst. Audit Officer, On 11-06-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	
31	LED വിളക്ക് സ്ഥാപിക്കൽ -അപാകതകൾ Written By: M.sivaprasad (Asst. Audit Officer, On 10-06-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	1-28
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
--- No Records Found ---		
ഭാഗം **4**		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം Written By: K.R.Prakashbabu (Audit Officer, On 25-06-2022) Last Updated By: E.Sasibhooshan (Deputy Director, On 07-07-2022)	4-1
2	സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം Written By: K.R.Prakashbabu (Audit Officer, On 25-06-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ Written By: M.sivaprasad (Asst. Audit Officer, On 19-06-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ Written By: K.R.Prakashbabu (Audit Officer, On 25-06-2022) Last Updated By: K.R.Prakashbabu (Audit Officer, On 25-06-2022)	4-4
5	വായ്പ / വായ്പാതിരിച്ചടവ് Written By: K.R.Prakashbabu (Audit Officer, On 25-06-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	4-5
6	സ്ഥിര നിക്ഷേപം Written By: K.R.Prakashbabu (Audit Officer, On 25-06-2022) Last Updated By: K.R.Prakashbabu (Audit Officer, On 25-06-2022)	4-6
7	ഓഡിറ്റ് റിക്കവറി Written By: K.R.Prakashbabu (Audit Officer, On 25-06-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് Written By: K.R.Prakashbabu (Audit Officer, On 25-06-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം Written By: K.R.Prakashbabu (Audit Officer, On 25-06-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	4-9
10	ഓഡിറ്റ് പ്രത്യവലോകനം Written By: K.R.Prakashbabu (Audit Officer, On 25-06-2022) Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022)	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ Written By: K.R.Prakashbabu (Audit Officer, On 25-06-2022) Last Updated By: E.Sasibhooshan (Deputy Director, On 07-07-2022)	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷിക കണക്ക് -വിവിധ പത്രികകൾ	

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്

2020-21വർഷത്തെ ബജറ്റ് 09/03/2020 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. വാർഷിക ബജറ്റ് പുതുക്കി അംഗീകാരം നേടിയിട്ടുണ്ട് (തീ.1/07-05-2021) ബജറ്റ് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
12384904	135906125	148291029	139189687	9101342

1-2 വാർഷികധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31-07-2021	02-05-2021	-----	-----

1-2-1 വാർഷികകണക്കുകളിലെ അപാകതകൾ

1) ആസ്തി രജിസ്റ്റർ രേഖപ്പെടുത്തൽ വരുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-11- പത്രികകൾ പ്രകാരമുള്ള ആസ്തികളുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടിട്ടില്ല.

2) വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ജയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

3) NREGA-അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾക്കായി ഗ്രാമപഞ്ചായത്തിൽ നിന്നും മുൻകൂർ നൽകിയിരുന്ന തുകകൾ NREGA യുടെ തൻവർഷത്തെ വരവിൽ നിന്നും ചെലവിൽ ഉൾപ്പെടുത്തി കാണിക്കാതെ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് വകയിരുത്തി.

4)ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ഇനത്തിൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക , എ.ഇ.ലഭ്യമാക്കിയ പാർട്ട് ബില്ലുകളുടെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

5)ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയാക്കിട്ടില്ലത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കാൻ സാദ്ധ്യമല്ല.

6)ബാലൻസ് ഷീറ്റിൽ ബി-4 ഷെഡ്യൂളിൽ പ്രത്യേക പദ്ധതികൾക്കായി ലഭിച്ചിരിക്കുന്ന തുകകൾ ചെലവഴിക്കാതെ തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു

7)തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല (ഷെഡ്യൂൾ I-16)

8)ബാലൻസ് ഷീറ്റിൽ State Govt Cess /Levies In Property Tax (ലൈബ്രറി സെസ്സ്) ഇനത്തിലുള്ള തുക വസ്തുനികുതി കുടിശ്ശിക തുകയുടെ നിശ്ചിത നിരക്കുമായി പൊരുത്തപ്പെടുന്നില്ല.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	18289957
വരവ്	58493774
ആകെ	76783731
ചെലവ്	59946844

നീക്കിയിരിപ്പ്	16836887

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ്/ അലോട്ട്മെന്റ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
വികസന ഫണ്ട്-ജനറൽ (ACR പ്രകാരം)	0	11335975	11335975	9627797	1708178
വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം)	0	9177151	9177151	7677907	1499244
മെയിന്റനൻസ് ഗ്രാന്റ് റോഡ് (ACR പ്രകാരം)	0	2330000	2330000	732258	1597742
മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് (ACR പ്രകാരം)	0	3456681	3456681	2805925	650756
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-(tied Fund)	0	4750000	4750000	2572220	2177780
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-(untied Fund)	0	7560061	7560061	6678918	881143
കേന്ദ്രാവിഷ്കൃത ഫണ്ട്					
TSC	583897	0	583897	30371	553526

ICDS	595466	1022093	1617559	1249474	368085
MGNREGS	159477	25535843	25695320	25631818	63502

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം
229	119472755	191	43196368	Nil	38	73.89

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് %
കൃഷി ഓഫീസർ	9	8	5345614	4335096	81.09
വി.ഇ.ഒ	16	8	3759265	3010079	80.07
ഐ.സി.ഡി.എസ് സൂപ്പർവൈസർ	7	5	3759265	3010079	80.07
സെക്രട്ടറി	31	26	7259905	6344253	87.38
അസിസ്റ്റന്റ് എഞ്ചിനിയർ	136	119	29481956	19337057	65.58
മെഡിക്കൽ ഓഫീസർ-PHC	3	3	975000	944373	96,85
മെഡിക്കൽ ഓഫീസർ-ISM	2	2	740000	739991	99.99
മെഡിക്കൽ ഓഫീസർ-ഹോമിയോ	2	2	380000	377576	99.36
അസി.സെക്രട്ടറി	11	9	3978801	3348072	84.14
വെറ്ററിനറി സർജ്ജൻ	8	6	2083800	643780	30.89
ഡയറി ഫാം ഇൻസ്ട്രക്ടർ	4	3	1040000	840000	80.76
ആകെ	229	191	119472755	43196368	36.15

1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	129	2681600
വിധവാപെൻഷൻ	24390700	1101
വാർദ്ധക്യകാല പെൻഷൻ	44120100	2081
വികലാംഗപെൻഷൻ	6223100	284
വിധവകളുടെ പെൺമക്കൾക്കുള്ള	2787700	124

വിവാഹധനസഹായം		

1-7 തൊഴിലുറപ്പ് പദ്ധതി

തൊഴിലാളികളുടെ കൂലി	0	23501724	23501724	23501724	0
അഡ്മിനിസ്ട്രേറ്റീവ് ചെലവ്	159477	2034119	2193596	2130094	63502

1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.04.2022 തിയ്യതിയിൽ ഉച്ചയ്ക്ക് ശേഷം 2.30 ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 3720 /- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

1. ഗ്രാമ പഞ്ചായത്ത് പൗരാവകാശ രേഖ കാലികമായി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടില്ല.

2. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

3. സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ മൂല്യം രേഖപ്പെടുത്തി സെക്രട്ടറി ഒപ്പ് വെച്ച് ആധികാരികമാക്കുന്നില്ല.

4. നിർവ്വഹണോദ്യോഗസ്ഥരിൽ പലരും പ്രോജക്ട് ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. പല പ്രോജക്ട് ഫയലുകളിലും അവശ്യം വേണ്ട സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുമായുള്ള കരാറിന് പകരം വെറും ഒപ്പിട്ട മുദ്രപത്രങ്ങൾ മാത്രമാണ് കാണുന്നത്.

5. ഓഫീസ് തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥരും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല.

6. ഫ്രണ്ട് ഓഫീസ് ഡയറി, പരാതി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ടെങ്കിലും, ഫ്രണ്ട് ഓഫീസിൽ ഹെൽപ്പ് ഡസ്ക് സംവിധാനം ഒരുക്കിയിട്ടില്ല.

7.ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടേയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റകൾ, ഗ്രാമ സഭകൾ എന്നിവയുടെയും യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുന്നുണ്ടെങ്കിലും, സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല. യോഗത്തിന്റെ മിനിറ്റ്സുകൾ, ഗ്രാമ സഭ മിനിറ്റ്സുകൾ എന്നിവ ഒരുവിധം ഭംഗിയായി എഴുതി സൂക്ഷിക്കുന്നുണ്ട്. (ഗ്രാമ സഭ മിനിറ്റ്സ് ബുക്കുകൾ പലതിലും വാർഡ് മെമ്പർ, ഗ്രാമ സഭ കോ ഓർഡിനേറ്റർ എന്നിവർ ഒപ്പിട്ട് ക്ളോസ് ചെയ്യുന്നില്ല).

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ക്രമ നം	ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയ്യതി	ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ
1	പെർഫോമൻസ് ഓഡിറ്റ്	27/12/2021	12/2021	27/12/2021	ഇല്ല

2	അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	23.01.2016 മുതൽ 06.02.2016 വരെ	2013-14 മുതൽ 2014-15 വരെ	04-03-2016	ഇല്ല

1-11 ട്രേഡേഴ്‌സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്

1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വാണിജ്യ സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിൽ കാര്യക്ഷമത പ്രകടിപ്പിച്ചിട്ടുണ്ടോ എന്ന് വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിരീക്ഷണങ്ങളും ശുപാർശകളും തുടർ ഖണ്ഡികകളായി ചേർക്കുന്നു.

ട്രേഡേഴ്‌സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്

ട്രേഡേഴ്‌സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ഇവ കാലികമാക്കിയിട്ടില്ല. ലൈസൻസിനായി അപേക്ഷിച്ച സ്ഥാപനങ്ങളെ മാത്രമാണ് ട്രേഡേഴ്‌സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്‌സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ എല്ലാ വ്യാപാര സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ഫീൽഡ് വെരിഫിക്കേഷൻ നടത്തി ട്രേഡേഴ്‌സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറി നം. 11/10.05.2022 ന് മറുപടിയായി ട്രേഡേഴ്‌സ് ലിസ്റ്റ് കാലികമാക്കുന്നതിന് നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

1-11-1 പഞ്ചായത്ത് പ്രദേശത്ത് ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകൾക്ക് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. പഞ്ചായത്ത് പ്രദേശത്ത് 6 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയ്ക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല. വസ്തുനികുതി നിർണ്ണയ രജിസ്റ്റർ, സഞ്ചയ സോഫ്റ്റ്‌വെയർ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് വാണിജ്യവിഭാഗത്തിൽപ്പെടുന്ന 1200 ലധികം കെട്ടിടങ്ങൾ ഉള്ളതായി കാണുന്നു. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 276 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസോടുകൂടി പ്രവർത്തിക്കുന്നത്. ഫീൽഡ് വെരിഫിക്കേഷൻ നടത്തി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-11-2 കശാപ്പുശാലകൾക്കും ഇറച്ചിക്കടകൾക്കും ലൈസൻസ് നിർബന്ധമാക്കണം

1996 ലെ കേരള പഞ്ചായത്ത് രാജ്(കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങളിലെ ചട്ടം 38 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ പക്ഷിയുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും, ഇറച്ചിക്കട ചില്ലുവച്ച് മറച്ചതും ഈച്ച മുതലായ പ്രാണികൾ കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും, കടയുടെ ലൈസൻസി, തന്റെ പേർ, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ്(കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറുകൾ

(നം.27560/ജെ2/2000/തസ്വഭവ തീ.12-07-2000, സർക്കുലർ നം.1173/ഡിബി2/09/തസ്വഭവ തീ.17-09-2009, സർക്കുലർ നം. 66771/ഡി ബി 2/09/തസ്വഭവ തീയതി 08-01-2010, സർക്കുലർ നം. 25533/ഡി ബി 2/12/തസ്വഭവ തീയതി 06-04-2012) എന്നിവ പാലിച്ചുകൊണ്ട് ലൈസൻസ് നൽകിയിട്ടില്ല.

ഇത് സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറി നം. 11/10.05.2022 ന് മറുപടിയായി പഞ്ചായത്ത് പ്രദേശത്ത് ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ അടിയന്തിരമായി നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി വിൽപ്പന കേന്ദ്രങ്ങൾക്ക് എതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 230 (എ) വകുപ്പ് പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്. യോഗ്യമായവക്ക് നിയമാനുസൃത വ്യവസ്ഥകൾ പാലിച്ച് ലൈസൻസ് നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

1-12 രജിസ്ട്രേഷൻ ഇല്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കുന്നു.

അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ പ്രദേശത്ത് ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവ ചട്ടപ്രകാരമുള്ള ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ ഇല്ലാതെയാണ് പ്രവർത്തിക്കുന്നത് എന്ന് കാണുന്നു. വിശദവിവരങ്ങൾ ചേർക്കുന്നു.

1999-ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 2,3,4,5 എന്നിവ പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ല. ഒരു ട്യൂട്ടോറിയൽ സ്ഥാപനം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഫാറം 1-ൽ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിന് 15 ദിവസത്തിൽ കുറയാത്ത കാലയളവിനു മുൻപായി, അത് നടത്താൻ ഉദ്ദേശിക്കുന്ന ആളോ, നടത്താൻ ചുമതലപ്പെടുത്തപ്പെട്ടിട്ടുള്ള ആളോ രജിസ്ട്രേഷൻ ഫീസ് സഹിതം, സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതും ട്യൂട്ടോറിയൽ സ്ഥാപനം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ സ്വീകരിച്ചാൽ ഒരാഴ്ചയ്ക്കകം സെക്രട്ടറിയോ, അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ, അപേക്ഷകൻ സ്ഥാപനം തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലം സന്ദർശിച്ച സ്ഥലത്തിന്റെ ശുചിത്വം, കെട്ടിടത്തിന്റെയോ, കെട്ടിടങ്ങളുടെയോ സുരക്ഷിതത്വം, അതിന്റെ തറ വിസ്തീർണ്ണം, അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യം, അപേക്ഷയിൽ പറയുന്ന മറ്റ് വിവരങ്ങളുടെ നിജസ്ഥിതി എന്നിവ സംബന്ധിച്ച അപേക്ഷയുടെ ബന്ധപ്പെട്ട ഭാഗത്ത് ഒരു അന്വേഷണ റിപ്പോർട്ട് എഴുതി തയ്യാറാക്കേണ്ടതാണ്. രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച ട്യൂട്ടോറിയൽ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ഫോറം 2 പ്രകാരമുള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും രജിസ്റ്റർ ചെയ്യപ്പെട്ടു എന്നതിന്റെ തെളിവായി അപേക്ഷകന് ഫോറം 3-ൽ ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. ട്യൂട്ടോറിയൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി പുതുക്കേണ്ടതും, അപ്രകാരം പുതുക്കുന്നതിനുള്ള അപേക്ഷ ഫോറം 5-ൽ രജിസ്ട്രേഷൻ പുതുക്കൽ ഫീസ് സഹിതം സെക്രട്ടറിക്ക് നൽകേണ്ടതും അത് സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ഫോറം 3-ൽ ഉള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. ഇത്തരം നടപടിക്രമങ്ങൾ പാലിക്കാതെയും രജിസ്ട്രേഷൻ ഇല്ലാതെയുമാണ് ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. ഇത് സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറി നം. 11/10.05.2022 ന് മറുപടിയായി പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾക്ക് ലൈസൻസ്, രജിസ്ട്രേഷൻ നൽകുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

1-13 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത്

മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്. 2020-21 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി യിട്ടില്ല.

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

ക്രമ നം	സ്ഥാപനത്തിന്റെ/ ജീവനക്കാരുടെ പേര്	അർദ്ധ വർഷം
1	ഡ്രൈവർ, അനങ്ങനടി ഗ്രാമ പഞ്ചായത്ത്	1 & 2
2	കൃഷി ഭവൻ	2
3	ലക്ഷ്മി.എൻ,ആർ (വി.ഇ.ഒ)	2
4	ബി.എസ്.എൻ.എൽ	1

റേഷൻ കടകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിൽ 6 റേഷൻ കടകൾ പ്രവർത്തിക്കുന്നതായി കാണുന്നു. എന്നാൽ ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതാണ് .

ഗ്രാമപഞ്ചായത്ത് പരിധിയിൽ മരാമത്ത് ജോലികൾക്കായി പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടതായി കാണുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി കണക്കാക്കുന്നതിന് സ്റ്റേറ്റ് മെന്റ് വാങ്ങിയതായോ തൊഴിൽ നികുതി അടച്ചതായോ കാണുന്നില്ല. ഇവർ മറ്റേതെങ്കിലും പഞ്ചായത്തിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുകയോ, അല്ലാത്തപക്ഷം ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടച്ച് ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വാണിജ്യ/വ്യാപാര സ്ഥാപനങ്ങൾ ലൈസൻസിനുവേണ്ടി പഞ്ചായത്തിൽ സമർപ്പിക്കുന്ന അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ പ്രസ്തുത ജീവനക്കാരിൽനിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. തൊഴിൽനികുതി ഈടാക്കാത്ത ഏതാനും സ്ഥാപനങ്ങളുടെ വിവരങ്ങൾ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനം	ജീവനക്കാരുടെ എണ്ണം
1	അൽകാ ഫുഡ് പ്രോഡക്ട്സ്	7
2	അനുഗ്രഹ ടെയ്ലറിംഗ് യൂണിറ്റ്	5
3	മുഹമ്മദ് റഫീക്ക്, ക്ലിനിക്	5
4	സെയ്ദലവി, കുബ്ബൂസ് യൂണിറ്റ്,ടേസ്റ്റ് ഓഫ് മലബാർ	10
5	മുഹമ്മദ് റഫീക്ക്, ടെയ്ലറിംഗ് യൂണിറ്റ്	8

ഗ്രാമപഞ്ചായത്ത് പരിധിയിൽ തൊഴിലുടമകളോട് ജീവനക്കാരുടെ പേരു വിവരവും, വരുമാനവും സംബന്ധിച്ച് അർദ്ധവാർഷിക തൊഴിൽ നികുതി റിട്ടേണുകൾ സമർപ്പിക്കുന്നതിന് ആവശ്യപ്പെടാവുന്നതാണ്. ഇപ്രകാരം ലഭ്യമാക്കുന്ന റിട്ടേണുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര/വ്യവസായ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി പിരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 12/09.05.2022 ന് മറുപടിയായി കരാറുകാരിൽ നിന്നും സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നും റേഷൻ കട നടത്തിപ്പുകാരിൽനിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

1-14 വാടക- അപാകതകൾ

പഞ്ചായത്തിലെ കെട്ടിട വാടക ഫയലുകൾ, രജിസ്റ്ററുകൾ, കരാറുകൾ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ചട്ട പ്രകാരമുള്ള കരാർ ചമച്ചിട്ടില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറി മാസം 2875/- രൂപ നിരക്കിൽ വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും വാടകക്കാരനുമായി 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടത്തിലെ ചട്ടം 7(2)(1) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫോറം III ൽ കരാർ ചമച്ചിട്ടില്ല.

വാടക ബൈലോ തയ്യാറാക്കിയിട്ടില്ല .

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറി, ഹാൾ എന്നിവ വാടകയ്ക്ക് നൽകുന്നുണ്ടെങ്കിലും ആയതിന്റെ നടത്തിപ്പിനായുള്ള ബൈലോ നാളിതുവരെ തയ്യാറാക്കിയിട്ടില്ല. വാടക ബൈല തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികൾ വാടകയ്ക്ക് നൽകിയിട്ടില്ല

പഞ്ചായത്തിന്റെ കോമ്പൗണ്ടിൽ സ്ഥിതിചെയ്യുന്ന പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികൾ നാളിതുവരെ വാടക നിശ്ചയിച്ച് നൽകിയിട്ടില്ല എന്ന് കാണുന്നു. ടി കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായതിന്റെ വിവരങ്ങൾ, നാളിതുവരെയായും കെട്ടിടം വാടകയ്ക്ക് നൽകാത്തതിനുള്ള വിശദീകരണം, പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മറ്റ് കെട്ടിടങ്ങളുടെ വിവരങ്ങൾ എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/09.05.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-15 സർക്കാർ വിജ്ഞാപനങ്ങൾക്ക് അനുസൃതമായി എല്ലാ ഉപയോഗക്രമങ്ങൾക്കും വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ച് ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്തേണ്ടതാകുന്നു. 14.01.2011 ലെ സ.ഉ(അ)നം.19/2011/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 36/2011 വിജ്ഞാപനം പ്രകാരം ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രാബല്യത്തിൽ വരുന്ന തീയതിയും സർക്കാർ നിശ്ചയിച്ചിരുന്നു. ഇതിൽ 24.02.2015-ലെ സ.ഉ(അ)നം.36/2015/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 100/2015 വിജ്ഞാപനം പ്രകാരവും 08.09.2020-ലെ സ.ഉ.(അ)നം.53/2020/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 575/2020 വിജ്ഞാപനം പ്രകാരവും ഉപയോഗക്രമങ്ങൾ കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തിയിരുന്നു. എന്നാൽ മേൽ

വിജ്ഞാപനങ്ങൾ പ്രകാരമുള്ള ഉപയോഗക്രമങ്ങളുടെ നികുതി നിരക്ക് നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. നികുതി നിരക്ക് നിർണ്ണയിക്കാത്ത ഉപയോഗക്രമങ്ങളും അവയ്ക്ക് സർക്കാർ നിർദ്ദേശിച്ച കുറഞ്ഞതും കൂടിയതുമായ പരിധിയും ചുവടെ ചേർക്കുന്നു.

ക്രമ നം	ഉപയോഗക്രമം	കുറഞ്ഞ നിരക്ക്	കൂടിയ നിരക്ക്
1	വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ്	3	8
2	മൈക്രോ സ്മാൾ ആൻറ് മീഡിയം എന്റർപ്രൈസസ് ഡെവലപ് മെന്റ് ആക്റ്റ്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ	15	25
3	ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ	150	160
4	റസിഡൻഷ്യൽ ഹോംസ്റ്റേ	10	25
5	സ്വകാര്യ ഹോസ്റ്റൽ , ഹോംസ്റ്റേ	30	60

സർക്കാർ നിർദ്ദേശിച്ച പരിധികൾക്ക് വിധേയമായി പഞ്ചായത്ത് പ്രദേശത്ത് ബാധകമാക്കാവുന്ന നികുതി നിരക്ക് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്താത്തത് തെറ്റായ ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിക്കുന്നതിനും നികുതി നഷ്ടത്തിനും കാരണമാവുന്നു. മേൽ സൂചിപ്പിച്ച കെട്ടിട വിഭാഗങ്ങൾക്ക് വസ്തുനികുതി നിരക്കുകൾ നിശ്ചയിക്കാത്തതിന്റെ കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 14/09.05.22 -ന് കെട്ടിടങ്ങൾക്ക് ബാധകമായ നികുതി നിരക്ക് നിശ്ചയിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 അനധികൃത കെട്ടിടങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 104 ൽ ഓരോ 3 മാസം കൂടുമ്പോളും ഗ്രാമപഞ്ചായത്തിൽ നടന്നിട്ടുള്ള അനധികൃത നിർമ്മാണങ്ങളുടേയും ആയതിന്മേൽ സ്വീകരിച്ച തുടർനടപടികളുടേയും വിവരം സർക്കാറിനെ അറിയിക്കേണ്ടതാണ്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ഈ വിവരങ്ങൾ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതായി കാണുന്നില്ല. നാളിതുവരെ കണ്ടെത്തിയ അനധികൃത നിർമ്മാണങ്ങൾക്കെതിരെ നോട്ടീസ് നൽകിയതായും കാണുന്നില്ല.

2. അനധികൃതനിർമ്മാണ രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച 53 കെട്ടിടങ്ങളാണ് ഉള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ 70 അനധികൃതകെട്ടിടങ്ങൾ ഉള്ളതായി കാണുന്നു. ഇവയുടെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3.തദ്ദേശ സ്വയംഭരണ വകപ്പിന്റെ 29342/ആർ.എ1/2014/ തസ്വഭവ, 19.05.2014 തിയതിയിലെ ഉത്തരവിൽ ഗ്രാമ പഞ്ചായത്തിൽ അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിക്കേണ്ടതിനെക്കുറിച്ചും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ട വിവരങ്ങളെക്കുറിച്ചും വ്യക്തമായ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിൻ

പ്രകാരം ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണ രജിസ്റ്റർ പരിശോധിച്ചതിൽ ഏതുതരം ചട്ടലംഘനമാണ് നടത്തിയത് എന്നും ടി ലംഘനം പ്രതിപാദിക്കുന്ന റൂൾസ്, ചട്ടലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്നും രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 18/10.05.22 ന് മറുപടി ലഭിച്ചിട്ടില്ല. അനധികൃത നിർമ്മാണങ്ങൾക്കെതിര കെ.പി.ബി.ആർ 2019 ലെ ചട്ടം 89, 90, 91 എന്നിവ അനുശാസിക്കുന്ന തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചതിനാൽ നഷ്ടം

വസ്തു നികുതി നിർണ്ണയ രജിസ്റ്റർ (സഞ്ചയ സോഫ്റ്റ്‌വെയറിലെ ഫോറം-6) പരിശോധിച്ചപ്പോൾ പഞ്ചായത്ത് പ്രദേശത്തെ വിവിധ വാണിജ്യ/ വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചിട്ടുള്ളത് അവയുടെ യഥാർത്ഥ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിലല്ല എന്ന് കണ്ടെത്തി. 100 ച.മീറ്ററിൽ കൂടുതലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ 100 ച.മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ളവ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി ഈടാക്കുന്നതിൻമൂലം പഞ്ചായത്തിന് നികുതി നഷ്ടം ഉണ്ടാകുന്നു. ഫോറം 6 – ലെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ അടിസ്ഥാനമാക്കി കണക്കാക്കിയിട്ടുള്ളത് താഴെ ചേർക്കുന്നു.

നിശ്ചയിച്ചിട്ടുള്ള നികുതി നിരക്ക് (ഒരു ച.മീറ്ററിന്)

വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ - 40 രൂപ.

വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണ് - 60 രൂപ

ക്രമ നം	കെട്ടിട നം	കെട്ടിട ഉടമയുടെ പേര്, വിലാസം	കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ)	നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി	നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തുനികുതി	വ്യത്യാസം/ നഷ്ടം
1	10/524	മുസ്തഫ, കൊടക്കാട്ടു കണ്ണിയിൽ, പത്തംകളം	101.66	101.66*40= 4067	101.66*60= 6100	2033 (2016 First Half മുതൽ)

ആകെ നഷ്ടത്തുക - (2016 First Half മുതൽ 2021 Second Half വരെ- 6 വർഷം)- 6 X 2033= 12198/-

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.17/10.05.2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക ഉൾപ്പെടെയുള്ള തുക ഈടാക്കി അറിയിക്കേണ്ടതാണ്.

1-18 ആശ്രയ പ്രൊജക്ട് -തുക ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല-103475 രൂപ തടസപ്പെടുത്തുന്നു

പ്രൊജക്ട് നമ്പർ -186/21

അടങ്കൽ - 103475

ചെലവ്- 103475

ഫണ്ടിനം-പദ്ധതി വിഹിതം -ജനറൽ

അഗതി രഹിത കേരളം (ആശ്രയ) എന്ന പ്രൊജക്ടിന് വേണ്ടി സി.ഡി.എസിന്റെ അക്കൗണ്ടിലേക്ക് (57061208315) 103475 രൂപ ബിൽ നമ്പർ 1/20.4.20 പ്രകാരം ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത തുക ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്

(4/7.5.22) മറുപടിയോ രേഖകളോ ഹാജരാക്കാത്തതിനാൽ 103475 രൂപ തടസ്സപ്പെടുത്തുന്നു.

1-19 പഞ്ചായത്തിലെ വിവിധ ഘടകസ്ഥാപനങ്ങളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ -പ്രൊക്യൂർമെന്റ് മാർഗരേഖ ലംഘനം

പഞ്ചായത്തിലെ വിവിധ ഘടകസ്ഥാപനങ്ങളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ എന്ന പ്രൊജക്ട് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

പ്രോജക്ട് വിവരം

പ്രോജക്ട്	187/21 പഞ്ചായത്തിലെ വിവിധ ഘടകസ്ഥാപനങ്ങളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ(സ്പിൽ ഓവർ 119/20)	13/21 പഞ്ചായത്തിലെ വിവിധ ഘടകസ്ഥാപനങ്ങളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ
അടങ്കൽ തുക	276261 രൂപ (മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം)	52000 രൂപ (മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം)
ചെലവ് തുക	276261 രൂപ	47628 രൂപ
ബിൽ നമ്പർ, തിയതി, തുക	2/20.4.20	27/27.3.21

പ്രസ്തുത 2 പ്രൊജക്ടുകളിലും ഫർണ്ണിച്ചറുകൾ ടെണ്ടർ കൂടാതെ ആർട്കോ എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുണ്ട്.

സർക്കാർ ഉത്തരവ് GO(P) 7/2019/SPD/26.4.2019 പ്രകാരം 25000/-രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും GeM മുഖേന നിർബന്ധമായും വാങ്ങിയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

പ്രസ്തുത നിർദ്ദേശം പാലിക്കാതെ ഫർണ്ണിച്ചറുകൾ ആർട്കോയിൽ നിന്നും വാങ്ങിയതിന് വിശദീകരണം നൽകാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/7.5.22) ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന മറുപടി നൽകിയിട്ടുണ്ട്. ഭാവിയിൽ വാങ്ങലുകൾ നടത്തുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1-20 എസ്.എസ്.എ വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമാക്കിയില്ല

പ്രൊജക്ട് നം: പേര്	2/21-എസ്.എസ്.എ വിഹിതം അടവാക്കൽ	അടങ്കൽ/ഫണ്ടിനം	400000 (പ്ലാൻ ജനറൽ)
ചെലവ്	400000	ബിൽ നം /തീ:	6/27.5.20
നിർവ്വഹണോദ്യോഗസ്ഥൻ			സെക്രട്ടറി

പദ്ധതി പ്രകാരം ജില്ലാ പ്രൊജക്ട് ഓഫീസർ, എസ് എസ് എ, പാലക്കാട്-യുടെ അക്കൗണ്ടിലേക്ക് (0812101070730) 400000/- രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

29.01.2018-ലെ സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 5.2.1 (2), 7.6.3 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തുകൾ സർക്കാർ നിശ്ചയിക്കുന്ന തുക എസ്.എസ്.എ. പ്രോജക്ടുകൾക്ക് വകയിരുത്തണമെന്നും പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം മുഖ്യ പങ്ക് വഹിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

SSA യുടെ നം. എ/ 646/20 തി. 27-07-2021 പ്രകാരം മുഴുവൻ തുകയുടെയും വിനിയോഗ സാക്ഷ്യപത്രം

ലഭ്യമായിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ സംബന്ധിച്ച എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ലഭ്യമല്ല. കോവിഡ് മൂലം വിദ്യാലയങ്ങൾ തുറന്ന് പ്രവർത്തിക്കാത്ത സാഹചര്യത്തിലും എസ്.എസ്.എ ക്ക് ഗ്രാമപഞ്ചായത്ത് വിഹിതമായി ഇത്രയും തുക നൽകിയിട്ടുണ്ട്. സാക്ഷ്യപത്രം പ്രകാരം എസ്.എസ്.കെ യിൽ നിന്നും മുഴുവൻ തുകയും ചെലവഴിച്ചതായി കാണിക്കുന്ന റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ആരോഗ്യം വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്തിൽ എസ്.എസ്.കെ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം 6/ 7.5.22)

1-21 മുതിർന്ന പൗരൻമാർക്കും ഭിന്നശേഷിക്കാർക്കും സഹായ ഉപകരണങ്ങൾ നൽകൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി മുതിർന്ന പൗരൻമാർക്കും ഭിന്നശേഷിക്കാർക്കും സഹായ ഉപകരണങ്ങൾ നൽകുന്നതിനായി 2019-20 വർഷത്തിൽ 3 പദ്ധതികൾ ആവിഷ്കരിച്ചെങ്കിലും നടപ്പാക്കാത്തതിനാൽ സ്പിൽ ഓവറാക്കി 2020-21 യിൽ നടപ്പാക്കിയിട്ടുണ്ട്.

പ്രോജക്ട് നം, പേര്	206/2021, മുതിർന്ന പൗരൻമാർക്ക് സഹായഉപകരണ നിർണ്ണയക്യാമ്പും സഹായ ഉപകരണങ്ങളും (സ്പിൽ ഓവർ)	207/2021, മുതിർന്ന പൗരൻമാർക്ക് സഹായ ഉപകരണ നിർണ്ണയക്യാമ്പും സഹായ ഉപകരണങ്ങളും (എസ്.സി.പി) (സ്പിൽ ഓവർ)	208/2021, ഭിന്നശേഷിക്കാരുടെ സഹായ ഉപകരണ നിർണ്ണയക്യാമ്പും സഹായ ഉപകരണങ്ങളും (സ്പിൽ ഓവർ)
അടങ്കൽ തുക, ഫണ്ടിനം	200000 രൂപ, വികസന ഫണ്ട്- ജനറൽ	15000 രൂപ, വികസന ഫണ്ട്- എസ്.സി.പി	200000 രൂപ, (വികസന ഫണ്ട്- ജനറൽ = 20000 രൂപ + തനത് ഫണ്ട് = 180000 രൂപ)
ചെലവ് തുക, ഫണ്ടിനം	119455 രൂപ, വികസന ഫണ്ട്- ജനറൽ	6120 രൂപ, വികസന ഫണ്ട്- എസ്.സി.പി	185172 രൂപ, (വികസന ഫണ്ട്- ജനറൽ = 16700 രൂപ + തനത് ഫണ്ട് = 168472 രൂപ)
ബിൽ നമ്പർ, തിയതി, തുക	20210252014400545769, 23.09.2020, 119455 രൂപ	20210252014401119517, 20.02.2021, 6120 രൂപ	20210252014400545770, 23.09.2020, 16700 രൂപ ചെക്ക് നം- 6004015, 23.09.2020, 168472 രൂപ

കെൽട്രോൺ, കുറ്റിപ്പുറം എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങി നല്കിയിട്ടുള്ളത്.

പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

1) സ.ഉ (കൈ) നം22/2018/ത.സ്വ.ഭ.വ തീ 14.02.2018 പ്രകാരം പുറപ്പെടുവിച്ച 2018-19 മുതൽ 2021-22 വരെയുള്ള കാലയളവിലേക്കുള്ള സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 7(1)(3) പ്രകാരം ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണയിക്കൽ ഓരോ വ്യക്തിയ്ക്കും പ്രത്യേക സ്പെസിഫിക്കേഷനുള്ള ഉപകരണം വേണം എന്നുള്ളതിനാൽ ഓരോരുത്തരേയും പരിശോധിച്ച് ഓരോരുത്തർക്കും ആവശ്യമായ ഉപകരണത്തിന്റെ പേരും സ്പെസിഫിക്കേഷനും മതിപ്പ് വിലയും നിശ്ചയിച്ച ശേഷമേ പ്രോജക്ട് തയ്യാറാക്കാവൂ അതിനാൽ പ്രോജക്ട് തയ്യാറാക്കുന്നതിന് മുമ്പ് ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണയ ക്യാമ്പ് നടത്തണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

2019-20 യിൽ പദ്ധതി പദ്ധതി ആവിഷ്കരിച്ച് അംഗീകാരം (അംഗീകാരം തിയതി- 22.07.2019) നേടിയ ശേഷമാണ് മെഡിക്കൽ ക്യാമ്പ് നടത്തിയിട്ടുള്ളത് (ക്യാമ്പ് തിയതി- 09.12.2019) മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കിയതിനാൽ വകയിരുത്തിയ തുക

ഉപകരണങ്ങൾ വാങ്ങുന്നതിന് തികയാതെ വരുകയും ഭാഗികമായി മാത്രം ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനും (ഭരണസമിതി തീരുമാനം നമ്പർ- 1/15, തിയതി- 23.01.2020) ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ നടത്തുന്നിന് സാധിക്കാതെ വരുന്നതിനും ഇടയാക്കി.

2) സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 7(1)(4) പ്രകാരം സ്പെഷലിസ്റ്റ് മെഡിക്കൽ ഓഫീസർ ഓർത്തോട്ടിക് എഞ്ചിനീയർ (Orthotic Engineer), പ്രോസ്റ്റെറ്റിക്ക് എഞ്ചിനീയർ (Prosthetic Engineer), ഓഡിയോളജിസ്റ്റ് (Audiologist), ഓപ്ഡ്രോമെടിസ്റ്റ് (Optrometrist) എന്നിവരടങ്ങുന്ന സംഘമാണ് പരിശോധന നടത്തേണ്ടത്. താലൂക്ക് / ജില്ലാ ആശുപത്രികളിൽ നിന്ന് ഈ വിദഗ്ധരെ ലഭിക്കുന്നതാണ്. ഡിസ്ട്രിക്ട് ഡിസ്ഏബിൾഡ് റിഹാബിലിറ്റേഷൻ സെന്റർ (DDRC) മെഡിക്കൽ കോളേജ് സാമൂഹ്യ സുരക്ഷാ മിഷൻ എന്നിവയുടെ സഹായം ഈ ആവശ്യത്തിന് തേടാവുന്നതാണ്. ഏതെങ്കിലും ഏജൻസിയേയോ സ്ഥാപനത്തെയോ ക്യാമ്പ് നടത്താൻ ചുമതലപ്പെടുത്താവുന്നതല്ല.
കെൽട്രോൺ- കുറ്റിപ്പുറം എന്ന സ്ഥാപനമാണ് ക്യാമ്പ് നടത്തി ഉപകരണങ്ങൾ നിർണ്ണയിച്ചിട്ടുള്ളതെന്നും. പ്രസ്തുത സ്ഥാപനത്തിൽ നിന്നാണ് സാധന സമാഹരണം നടത്തിയിട്ടുള്ളതെന്നും അധികൃതർ അറിയിച്ചു. പ്രസ്തുത മാർഗ്ഗരേഖയിലെ നിർദ്ദേശം പ്രകാരമുള്ള സംഘത്തിന്റെ സേവനം വിനിയോഗിക്കാതെ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി മറ്റ് സ്ഥാപനത്തെ പരിശോധന നടത്തുന്നതിനും ഉപകരണങ്ങൾ നിർണ്ണയിക്കുന്നതിനുമായി ഉപയോഗിച്ചത് മാർഗ്ഗരേഖാ ലംഘനമാണ്.

3) സഹായ ഉപകരണ നിർണ്ണയ ക്യാമ്പിൽ ആകെ 47 പേർ പങ്കെടുത്തതായും 33 പേർക്ക് ഉപകരണങ്ങൾ നിർണ്ണയിച്ചു നൽകിയതായും 28 പേർക്ക് ഉപകരണങ്ങൾ വാങ്ങി നൽകിയതായും രേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു. എന്നാൽ പരിശോധനാ സംഘത്തിന്റെ വിവരം രേഖപ്പെടുത്തുകയോ സംഘം ഉപകരണ നിർണ്ണയ പത്രികയിൽ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. പരശോധന നടത്തിയാണ് ഉകരണങ്ങൾ നിർണ്ണയിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

4) സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7(1)(4)(2) പ്രകാരം ശാരീരിക- മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനും ഭിന്നശേഷിക്കാർക്കുള്ള ബത്തയും സ്കോളർഷിപ്പും നൽകുന്നതിനും വേണ്ടിയുള്ള പ്രോജക്ട് എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാം. എന്നാൽ ഗ്രാമപഞ്ചായത്തുകൾ ഭിന്നശേഷിക്കാർക്കുള്ള ബത്തയും സ്കോളർഷിപ്പും നൽകുകയും ഉപകരണങ്ങൾ ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾ വാങ്ങി നൽകുകയും ചെയ്യുന്നതാണ് അഭികാമ്യം എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്.
മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ തനത് വരുമാനം കുറവുള്ള അനങ്ങനടി ഗ്രാമപഞ്ചായത്തിൽ തനത് ഫണ്ടിൽ നിന്നും തുക വകയിരുത്തി സഹായ പദ്ധതികൾക്കായി ചെലവഴിച്ച നടപടി ശരിയല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

5) സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7(1)(3)(5) പ്രകാരം പല തദ്ദേശഭരണസ്ഥാപനങ്ങളും മറ്റ് പല ഏജൻസികളും വർഷങ്ങളായി ഉപകരണങ്ങൾ നൽകികൊണ്ടിരിക്കുന്നുണ്ട്. ഉപകരണം ഉള്ളവർക്കുതന്നെ അതേ ഉപകരണം വീണ്ടും നൽകപ്പെടാതിരിക്കാൻ വേണ്ട കർശന മുൻകരുതലുകൾ (സ്ഥിതി വിവര കണക്കുകൾ ശേഖരിക്കൽ ഉൾപ്പടെ) സ്വീകരിക്കേണ്ടതാണ്. ക്യാമ്പിൽ വച്ച് ഇതു സംബന്ധിച്ച വിവരശേഖരണം നടത്തുന്നത് അതിനുള്ള ഒരു മാർഗ്ഗമായിരിക്കും. എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുകയോ മുൻകരുതലുകൾ എടുക്കുകയോ ചെയ്തിട്ടില്ല.
മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 2/07.05.2022) മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുകയായ 310747 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-22 അനുപൂരക പോഷകാഹാര പദ്ധതികൾ - ജിഎസ്ടി ടിഡിഎസ് കുറവ് ചെയ്യാതെ ബിൽ അനുവദിക്കുന്നു.

2019-20, 2020-21 എന്നീ സാമ്പത്തിക വർഷത്തിൽ അങ്കണവാടികൾക്ക് പോഷകാഹാര-വിതരണത്തിനായി ICDS Supervisor താഴെ പറയുന്ന പ്രൊജക്റ്റുകൾക്ക് അംഗീകാരം വാങ്ങി നടപ്പിലാക്കിയിട്ടുണ്ട്.

ക്രമ നം	പ്രോജക്റ്റ് നം, പേര്	അടങ്കൽ	ചെലവ്
1	66/2020, അംഗനവാടി പോഷകാഹാരം	1794137 രൂപ (വികസന ഫണ്ട് (ജനറൽ)- 994137 + കേന്ദ്രാവിഷ്കൃത ഫണ്ട്- 800000)	1785223 രൂപ (വികസന ഫണ്ട് (ജനറൽ)- 994122 + കേന്ദ്രാവിഷ്കൃത ഫണ്ട്- 791101)
2	74/2020, അംഗനവാടി പോഷകാഹാര പദ്ധതി (എസ്.സി.പി)	700000 രൂപ (വികസന ഫണ്ട് (എസ്.സി.പി)- 500000	126680 രൂപ (വികസന ഫണ്ട് (എസ്.സി.പി)- 126680
3	94/2021, അംഗനവാടി പോഷകാഹാരം (ജനറൽ)	1852265 രൂപ (വികസന ഫണ്ട് (ജനറൽ)- 954265 + കേന്ദ്രാവിഷ്കൃത ഫണ്ട്- 900000)	1799332രൂപ (വികസന ഫണ്ട് (ജനറൽ)- 999808 + കേന്ദ്രാവിഷ്കൃത ഫണ്ട്- 799524)
4	95/2021, അംഗനവാടി പോഷകാഹാരം (എസ്.സി.പി)	200000 രൂപ (വികസന ഫണ്ട് (എസ്.സി.പി)- 100000 + കേന്ദ്രാവിഷ്കൃത ഫണ്ട്- 100000)	ഇല്ല.

ജി.എസ്.ടി- ടി.ഡി.എസ് ഈടാക്കിയിട്ടില്ല

കേരള സംസ്ഥാന ചരക്ക് സേവന നികുതി നിയമം 2017വകുപ്പ് 51(1), കേന്ദ്ര ധനകാര്യ വകുപ്പിന്റെ 13.09.2018-ലെ 50/2018-Central Tax വിജ്ഞാപനം എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി-ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. വകുപ്പ് 24(vi) പ്രകാരം സ്രോതസ്സില്- നിന്നും നികുതി പിടിക്കാൻ ബാധ്യസ്ഥരായവർ നിർബന്ധമായും Tax Deductor രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. സ.ഉ(പി)162/2018/ധന തീയതി 22.10.2018 പ്രകാരം ടി.ഡി.എസ് പിടിച്ച് അടവാക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുമുണ്ട്.

മേൽ പദ്ധതികൾ പ്രകാരം കിഡ്സ് ലവർ അമൃതം ഫുഡ്സ്, കണ്ണിയംപുറം (GSTIN : 32AANFK0706E1ZT) എന്ന സ്ഥാപനത്തിൽ നിന്നും, മാവേലി സ്റ്റോറിൽ നിന്നുമാണ് അംഗനവാടി പോഷകാഹാരം വാങ്ങിയിട്ടുള്ളത്.

സ്ഥാപനം	സാമ്പത്തിക വർഷം	
	2019-20	2020-21
കിഡ്സ് ലവർ അമൃതം ഫുഡ്സ്, കണ്ണിയംപുറം	1327138	1321837
മാവേലി സ്റ്റോർ	387507	772990
ആകെ	1714645	2094827

സ്രോതസ്സിൽ നിന്നും നികുതി പിടിക്കാൻ ബാധ്യസ്ഥരായവർ നിർബന്ധമായും Tax Deductor രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. കിഡ്സ് ലവർ അമൃതം ഫുഡ്സ്, കണ്ണിയംപുറം എന്ന സ്ഥാപനത്തിൽ

നിന്നും 2019-20, 2020-21 വർഷങ്ങളിലായി 26,48,975 രൂപയുള്ള സാധന സമാഹരണം നടത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കിയിട്ടില്ല. ടി.ഡി.എസ് ഈടാക്കാതെ തുക പൂർണ്ണമായും സപ്ളയർക്ക് അനുവദിച്ചത് ക്രമപ്രകാരമല്ല. ജിഎസ്ടി ടിഡിഎസ് കുറവ് ചെയ്യാതെ ബിൽ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 03/07.05.2022) മറുപടി ലഭ്യമാക്കിയില്ല.

1-23 പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക്-കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഒഴിവാക്കി.

പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് നൽകുന്നതിനായി 2020-21 വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനയായി ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

പ്രോജക്ട് വിവരം

പ്രോജക്ട് നം, പേര്	162/2021, പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് (സ്പിൽ ഓവർ)
അടങ്കൽ തുക, ഫണ്ടിനം	690900 രൂപ, (വികസന ഫണ്ട്- എസ്.സി.പി = 667400+ തനത് ഫണ്ട് = 232 + ഗുണഭോക്തൃ വിഹിതം = 23268)
ചെലവ് തുക, ഫണ്ടിനം	690900 രൂപ

(2019-20 വർഷത്തിൽ പദ്ധതി ആവിഷ്കരിച്ചെങ്കിലും പൂർണ്ണമായും ബിൽ തുകകൾ മാറാത്തതിനാൽ ക്യൂ ബിൽ ആയി 2020-21 വർഷത്തിലാണ് ചെലവായിട്ടുള്ളത്)

ചെലവ് വിവരം

ക്രമ നം	ബിൽ നം.	തിയതി	തുക (രൂപ)
1	1/21	11.02.2020	496250
2	3/21	17.02.2020	71900
3	7/21	26.05.2020	99250
4	5082219601200020	03.02.2021	23268
5	5082219601200021	03.02.2021	232
ആകെ			690900

പദ്ധതി നിർവ്വഹണം

വാട്ടർ ടാങ്ക് സമാഹരിക്കുന്നതിന് ഇ- ടെണ്ടർ രീതിയാണ് അവലംബിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ടെണ്ടർ ഐ.ഡി	2019-DP-307400-1
ടെണ്ടർ റെഫ. നം	AS/E TENDER/ 2019-20
ടെണ്ടർ നോട്ടീസ് തിയതി	09.10.2019
ഒരു യൂണിറ്റിന്റെ മതിപ്പ് വില	4000 രൂപ
പത്രപ്പരസ്യം	A2-2833/2019, 15.10.2019 ദേശാഭിമാനി ദിനപ്പത്രം

ടെണ്ടറിൽ അഞ്ച് സ്ഥാപനങ്ങൾ പങ്കെടുക്കുകയും കാരിസ് പൈപ്പ്സ് & ട്യൂബ്സ് പ്രൈവറ്റ് ലിമിറ്റഡ്, കുവപ്പാടി (പി.ഓ) എറണാകുളം എന്ന സ്ഥാപനത്തൽ നിന്നും 2650 രൂപ നിരക്കിൽ 336 വാട്ടർ ടാങ്ക് സമാഹരിക്കുകയും ചെയ്തിട്ടുണ്ട്.

സമാഹരണം നടത്തിയതിന്റെ വിവരം

ഫയൽ നമ്പർ 30.11.2019 ലെ എ2-2833/2019 നമ്പർ പ്രകാരം സപ്ലൈ ഓർഡർ നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സപ്ലൈ ചെയ്തിട്ടുള്ളവയുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	ഇൻവോയ്സ് നം. / തിയതി	എണ്ണം	തുക	ട്രഷറി ബിൽ നം. / തിയതി/ തുക
1	K1920/GST-9649, 28.12.19	12	31800	508221960119010/ 11.02.2020/ 166250 രൂപ, 1/21/ 22.04.20/ 496250 രൂപ
2	K1920/GST-9632, 28.12.19	48	127200	
3	K1920/GST-9630, 28.12.19	50	132500	
4	K1920/GST-9631, 28.12.19	48	127200	
5	K1920/GST-9629, 28.12.19	42	111300	
6	K1920/GST-9996, 04.01.20	50	132500	
7	K1920/GST-12702, 26.02.20	50	132500	508221960119015/ 17.02.2020/ 33250 രൂപ, 7/21/26.05.20/99250 രൂപ
8	K1920/GST-13730, 16.03.20	36	95400	3/21/26.05.20/71900 രൂപ, 5082219601200020/ 03.02.21/ 23268 രൂപ, 5082219601200021/ 03.02.21/ 232 രൂപ

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിട്ടുള്ളവയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1) സ.ഉ (കൈ) നം22/2018/ത.സ്വ.ഭ.വ തീ 14.02.2018 പ്രകാരം പുറപ്പെടുവിച്ച 2018-19 മുതൽ 2021-22 വരെയുള്ള കാലയളവിലേക്കുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6(6) യിൽ 5 പ്രകാരം 500 ലിറ്റർ സംഭരണ ശേഷിയുള്ള പി.വി.സി വാട്ടർ ടാങ്കിന് സബ്സിഡിയായി 75% (പരമാവധി 3000 രൂപ) എന്നാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ടെണ്ടറിൽ ഒരു യൂണിറ്റിന്റെ മതിപ്പ് വിലയായി 4000 രൂപ എന്ന് രേഖപ്പെടുത്തിയാണ് ക്ഷണിച്ചിട്ടുള്ളത്. സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നിർവ്വഹണം നടത്തി.

2) സർക്കാർ ഉത്തരവ് GO(P) 7/2019/SPD/26.4.2019 പ്രകാരം 25000/-രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും GeM മുഖേന നിർബന്ധമായും വാങ്ങിയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 18.03.2019 ലെ 1/26/2019/വി.സ.വ നമ്പർ സർക്കുലർ പ്രകാരം സർക്കാർ വകുപ്പുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിവിധ കമ്മീഷനുകളും കമ്പനി, ബോർഡുകളും കോർപ്പറേഷനുകളും ഉൾപ്പടെയുള്ള സ്വയംഭരണ/ പൊതുമേഖലാ സ്ഥാപനങ്ങളും സർക്കാർ ആവിഷ്കരിച്ച സെൻട്രലൈസഡ് പ്രൊക്യൂർമെന്റ് സംവിധാനത്തിലൂടെ മാത്രമേ ഐ. ടി ഉപകരണങ്ങൾ വാങ്ങുവാൻ പാടുള്ളൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് GO(P) 10/2019/SPD തിയതി 22.08.2019 പ്രകാരം ഐ. ടി ഉപകരണങ്ങൾ CPRCS വഴി മാത്രമേ വാങ്ങാവൂ എന്ന് നിർബന്ധമാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ആസൂത്രണ നിർവ്വഹണ വേളയിൽ മേൽ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല.

3) സ.ഉ (കൈ) നം22/2018/ത.സ്വ.ഭ.വ തീ 14.02.2018 പ്രകാരം പുറപ്പെടുവിച്ച 2018-19 മുതൽ 2021-22 വരെയുള്ള കാലയളവിലേക്കുള്ള സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.7പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടിക്രമങ്ങളുടെ വാങ്ങൽ രേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ.(പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.2010പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ

ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗരേഖയിൽ ഗ്രാമപഞ്ചായത്തുകളിൽ 100000 രൂപയ്ക്ക് മുകളിൽ മതിപ്പുവിലയുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ ക്ഷണിക്കേണ്ടതാണെന്നും ഇംഗ്ലീഷ്, മലയാളം എന്നീ ദിനപ്പത്രങ്ങളിൽ പത്രപ്പരസ്യം നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ദിനപ്പത്രത്തിൽ പരസ്യം നൽകിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

4) അനങ്ങനടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11.11.2019 ലെ 1(3) നമ്പർ തീരുമാനം പ്രകാരം ടെണ്ടറിൽ വാട്ടർ ടാങ്കിന്റെ ഭാരം കുറവിന്റെ പേരിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ Ocean Polymers (ഒരു യൂണിറ്റ് വില = 1500 രൂപ) എന്ന സ്ഥാപനത്തെ ഒഴിവാക്കി Carris Pipes & Tubes (ഒരു യൂണിറ്റ് വില = 2650 രൂപ)എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് തീരുമാനമെടുക്കുകയും അപ്രകാരം സമാഹരിക്കുകയും ചെയ്തിട്ടുണ്ട്. എത്ര കിലോഗ്രം ഭാരമുള്ള വാട്ടർ ടാങ്കാണ് ആവശ്യമുള്ളത് എന്ന് ടെണ്ടർ സ്പെസിഫിക്കേഷൻ രേഖപ്പെടുത്താതിരിക്കുകയും ആയതിന്റെ പേരിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തെ ഒഴിവാക്കി വാങ്ങിയതുവഴി ഒരു യൂണിറ്റിന് 1150 രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്.
മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 23/11.05.2022) പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെയും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെയും നിർദ്ദേശ പരിഗണിച്ചാണ് Carris Pipes & Tubes (ഒരു യൂണിറ്റ് വില = 2650 രൂപ) എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടെണ്ടർ വ്യവസ്ഥകൾക്ക് വിധേയമായി സാധന സമാഹരണം നടത്താത്തതു വഴിയുണ്ടായതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുകയായ 690900 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-24 വിദ്യാർത്ഥികൾക്ക് മേശയും കസേരയും പദ്ധതി നിർവ്വഹണം-പ്രൊക്യൂർമെന്റ് മാർഗരേഖ ലംഘനം, പൂർണ്ണമായും വിതരണം നടത്തിയില്ല.

വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങിനൽകുന്നതിനായി അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

പ്രോജക്ട് വിവരം

പ്രോജക്ട്	83/21, അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള എസ്.സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ
അടങ്കൽ തുക	300000 രൂപ (വികസന ഫണ്ട്- എസ്.സി.പി)
ചെലവ് തുക	249570 രൂപ (വികസന ഫണ്ട്- എസ്.സി.പി)
ബിൽ നമ്പർ, തിയതി, തുക	15/29.01.2021, 177826 രൂപ 16/29.01.2021, 71744 രൂപ

പ്രോജക്ട് ലക്ഷ്യം

അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് 5000 രൂപയിൽ കവിയാത്ത വിലവരുന്ന ഒരു മേശയും ഒരു കസേരയും വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടിട്ടുള്ളത്. നിർവ്വഹണ രീതി റേറ്റ് കോൺട്രാക്ട് ഉള്ള സ്ഥാപനത്തിൽ നിന്ന് ക്വട്ടേഷൻ / ടെണ്ടർ കൂടാതെ വാങ്ങാൻ അനുവാദമുള്ള സ്ഥാപനത്തിൽ നിന്ന് നേരിട്ട് - വാങ്ങുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

പദ്ധതി നിർവ്വഹണം

SIDCO മാർക്കെറ്റിംഗ് സെന്റർ പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നാണ് സാധന സമാഹരണം നടത്തിയിട്ടുള്ളത്. ഭരണസമിതി തീരുമാനം നമ്പർ 1(3) തിയതി 11.09.2020 പ്രകാരം SIDCO യിൽ നിന്നും സമാഹരിക്കുന്നതിന് പർച്ചേസ് ഓർഡർ നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

ഇനങ്ങളുടെ വിവരം

1) Steel Table 90x60x75 Cm With Drawer 1, 1 Cupboard 22G

2) Steel Armed Chair

ക്രമ നം	ഇൻവോയ്സ് നം/ തിയതി	ഇനം/ എണ്ണം/ തുക	ഇൻവോയ്സ് തുക	ട്രഷറി ബിൽ നം./ തിയതി/ തുക
1	PKD/20-21/ 88/05.10.20	ടേബിൾ X 30X 3587.2 രൂപ = 107616 രൂപ	177826 രൂപ	15/29.01.2021, 177826 രൂപ
		ചെയർ X 50X 1404.2 രൂപ = 70210 രൂപ		
2	PKD/20-21/ 95/09.10.20	ടേബിൾ X 20X 3587.2 രൂപ = 71744 രൂപ	71744 രൂപ	16/29.01.2021, 71744 രൂപ

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിട്ടുള്ളവയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1) 10.04.2019 ലെ സ.ഉ(പി) നം. 6/19/എസ്.പി.ഡി, 26.08.2019 ലെ സ.ഉ(പി) നം. 12/19/എസ്.പി.ഡി എന്നീ ഉത്തരവുകൾ പ്രകാരം റേറ്റ് കോൺട്രാക്ട് സമ്പ്രദായം നിർത്തലാക്കിയിട്ടുണ്ട് എന്നാൽ റേറ്റ് കോൺട്രാക്ട് ഉള്ള സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങൾ സമാഹരിക്കുന്നതിനായി പദ്ധതി വിഭാവനം ചെയ്യുകയും ആയത് പ്രകാരം പദ്ധതി നിർവ്വഹണം നടത്തുകയും ചെയ്ത നടപടി പ്രസ്തുത സർക്കാർ ഉത്തരവുകളുടെ ലംഘനമാണ്.

2) സർക്കാർ ഉത്തരവ് GO(P) 7/2019/SPD/26.4.2019 പ്രകാരം 25000/-രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും GeM മുഖേന നിർബന്ധമായും വാങ്ങിയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 18.03.2019 ലെ 1/26/2019/വി.സ.വ നമ്പർ സർക്കുലർ പ്രകാരം സർക്കാർ വകുപ്പുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിവിധ കമ്മീഷനുകളും കമ്പനി, ബോർഡുകളും കോർപ്പറേഷനുകളും ഉൾപ്പടെയുള്ള സ്വയംഭരണ/ പൊതുമേഖലാ സ്ഥാപനങ്ങളും സർക്കാർ ആവിഷ്കരിച്ച സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് സംവിധാനത്തിലൂടെ മാത്രമേ ഐ. ടി ഉപകരണങ്ങൾ വാങ്ങുവാൻ പാടുള്ളൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് GO(P) 10/2019/SPD തിയതി 22.08.2019 പ്രകാരം ഐ. ടി ഉപകരണങ്ങൾ CPRCS വഴി മാത്രമേ വാങ്ങാവൂ എന്ന് നിർബന്ധമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ GeM മുഖേന സമാഹരിക്കുന്നതിന് തയ്യാറായില്ല.

3) സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിലവിൽ 11 മേശയും കസേരയും വിതരണം ചെയ്യാതെ അവശേഷിക്കുന്നുണ്ട്. ആയത് നാളിതുവരെ വിതരണം ചെയ്യാത്തത് പദ്ധതി പ്രകാരം ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ കൈവരിക്കുന്നതിൽ വീഴ്ച്ചയുണ്ടാകുന്നതിന് ഇടയാക്കി.

പ്രസ്തുത പദ്ധതിയുടെ ആസൂത്രണ നിർവ്വഹണ വേളയിൽ മേൽ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കാതിരുന്നതിനുള്ള വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/11.05.2022) അവശേഷിക്കുന്ന 11 മേശയും കസേരയും വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നതാമണെന്ന് മറുപടി ലഭ്യമാക്കിയെങ്കിലും സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങളുടെ ലംഘനത്തിന് മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുകയായ 249570 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-25 ഡെപ്പോസിറ്റ് പ്രവൃത്തി- കേരള വാട്ടർ അതോറിറ്റി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

2020-21 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി കേരള വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് പ്രവൃത്തിക്കായി കൈമാറിയ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രൊജക്ട്	ഏജൻസി	പ്രൊജക്ട് നമ്പർ	അടങ്കൽ	ചെലവ്

തരുവക്കോണം കുടിവെള്ള പദ്ധതി ടാങ്ക് നിർമ്മാണവും അനുബന്ധ പ്രവൃത്തികളും	എക്സിക്യൂട്ടീവ് എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി പി.എച്ച് ഡിവിഷൻ, ഷൊർണ്ണൂർ (അക്കൗണ്ട് നമ്പർ -67150213827)	283	1229600 (ധനകാര്യ കമ്മീഷൻ അവാർഡ്)	1229600 (ബിൽ നമ്പർ- 24/27.3.21)

കൃത്യമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ തുക കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിക്കാവൂ. എന്നാൽ എസ്റ്റിമേറ്റ് ഹാജരാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണത്തിൽ കേരള ജല അതോറിറ്റിയുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടു കാണുന്നില്ല. മുൻകൂർ അനുവദിക്കുമ്പോൾ കരാറിൽ ഏർപ്പെടേണ്ടതാണെന്ന് പദ്ധതി മാർഗ്ഗരേഖയിൽ പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരണം വൈകുകയോ മറ്റു കാരണങ്ങളാൽ പദ്ധതി പൂർണ്ണമായി നടപ്പിലാക്കാതെ ഇടയിൽ ഉപേക്ഷിക്കുകയോ ചെയ്താൽ കരാറിന്റെ അഭാവത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയില്ല. ആയതിനാൽ പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കുന്നതിനും, ചെലവ് തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കുന്നതിനും നിർവ്വഹണ ഏജൻസികളുമായുള്ള കരാറിൽ പ്രത്യേകം വ്യവസ്ഥ ചെയ്യേണ്ടതാണ്. തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7/7.5.2022) മറുപടിയൊന്നും ലഭ്യമാക്കിയില്ല.
തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്. പ്രവൃത്തിയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തേണ്ടതാണ്.

1-26 തെരുവ് വിളക്ക് പരിപാലനം-എല്ലാ വിളക്കുകൾക്കും മീറ്ററിംഗ് ഏർപ്പെടുത്തേണ്ടതും സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്

കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, കോതകുർശ്ശി 5.5.21 ന് ഹാജരാക്കിയ കൺസ്യൂമർ നമ്പർ 1165420005984 പ്രകാരം താഴെ പറയുന്ന തെരുവ് വിളക്കുകൾക്കാണ് പഞ്ചായത്ത് പ്രതിമാസം 77817 (3/21 പ്രകാരം) രൂപ അടവാക്കുന്നത്.

Particular	Watt	Nos
Ordinary	60	80
Fluorescent Tube	80	81
S.V.Lamp	250	15
CFL Set	22	545

തെരുവു വിളക്കുകളുടെ പ്രതിമാസ വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത് വൈദ്യുതി ബോർഡിന്റെ കൈവശമുള്ള കാലഹരണപ്പെട്ടതും കൃത്യതയില്ലാത്തതുമായ കണക്കനുസരിച്ചാണ്. സാധാരണ ലാമ്പുകൾ വാങ്ങുന്നതിനും അറ്റകുറ്റപണികൾ നടത്തുന്നതിനും മുൻ വർഷങ്ങളിലൊന്നും ഗ്രാമപഞ്ചായത്ത് തുക വകയിരുത്തിയിട്ടില്ല. വിവിധ ഘട്ടങ്ങളിലായി സാധാരണ ലാമ്പുകൾക്ക് പകരം സി.എഫ്.എല്ലും എൽ.ഇ.ഡി ലാമ്പുകളും സ്ഥാപിച്ചിട്ടുണ്ട്.
താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം തെരുവ് വിളക്കുകൾ 2020-21 ൽ വാങ്ങിയിട്ടുണ്ട്.

പ്രൊജക്ട് നമ്പർ	പ്രൊജക്ട്	ഇനം	എണ്ണം
214	SC സങ്കേതങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കലും റിപ്പയറിംഗും	22 W LED Street Light Automatic	151
217	സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ	24 W LED Street Light Automatic	247

എന്നാൽ മേൽ പ്രൊജക്ട് പ്രകാരം വാങ്ങിയ LED ലാമ്പുകളുടെ കണക്ക് KSEB ഹാജരാക്കിയ ഡിമാന്റ്

നോട്ടീസിൽ ഇല്ല. താരതമ്യേന വൈദ്യുതി നിരക്ക് കൂടുതലുള്ള സി.എഫ്.എൽ, ഓർഡിനറി ബൾബുകൾ, ട്യൂബ് ലൈറ്റ്, സോഡിയം വേപ്പർ ലാമ്പ് എന്നിവയ്ക്ക് വൈദ്യുതി ചാർജ്ജ് അടവാക്കുന്നതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (8/7.5.22) നൽകിയെങ്കിലും മറുപടിയൊന്നും ലഭിച്ചില്ല. തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ് അടവാക്കുന്നത് സംയുക്ത പരിശോധന നടത്തി നിലവിലുള്ള യഥാർത്ഥ വിളക്കുകളുടെ അടിസ്ഥാനത്തിൽ പുനർനിർണ്ണയിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരും, പഞ്ചായത്ത് അധികൃതരും ചേർന്ന് സംയുക്ത പരിശോധനയിലൂടെ ലാമ്പുകളുടെ കൃത്യത ഉറപ്പാക്കി തെരുവ് വിളക്കുകളുടെ രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

2. ഓരോ വർഷവും പുതിയതായി ലാമ്പുകൾ സ്ഥാപിക്കുമ്പോഴും നിലവിലുള്ളവ മാറ്റി പുതിയ ഇനം ലാമ്പുകൾ സ്ഥാപിക്കുമ്പോഴും കണക്കുകളിൽ മാറ്റം വരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

3. നിലവിലില്ലാത്ത ലാമ്പുകൾക്ക് വൈദ്യുതി ബോർഡ് ഈടാക്കി വരുന്ന തുക മുൻകാല പ്രാബല്യത്തോടെ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4 അറ്റകുറ്റപണികൾക്കാവശ്യമായ ലാമ്പുകൾ ആവശ്യകത വിലയിരുത്തി മാത്രം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

5. എല്ലാ തെരുവു വിളക്കുകൾക്കും മീറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികളുടെ അടിയന്തിര പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.

തെരുവുവിളക്കുകളുടെ പരിപാലനത്തിനായി ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഭരണ സമിതിയും ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-27 വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ സ.ഉ(എം.എസ്) നം.170/2007/ത.സ്വ.ഭ.വ തിയതി 30.6.2007 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, ധനകാര്യ വകുപ്പ് സർക്കുലർ നം. 41/2008/ധന തിയതി 2-8-2008 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ജി.ഒ(പി)നം. 161/2006/ധന തിയതി 31-03-2006 പ്രകാരം സർക്കാർ വാഹനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുവാൻ വെഹിക്കിൾ ഹിസ്റ്ററി ബുക്ക്, വാഹനത്തിന്റെ റിപ്പയർ, സുരക്ഷ തുടങ്ങിയവയുടെ വിവരം രേഖപ്പെടുത്തുന്നതിനായി ഫോറങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. മേൽ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന് ഗ്രാമ പഞ്ചായത്തിൽ പരിപാലിച്ച് വരുന്ന രേഖകളുടെ അടിസ്ഥാനത്തിൽ നടത്തിയ വിലയിരുത്തലിന്മേലുള്ള കണ്ടെത്തലുകൾ താഴെ ചേർക്കുന്നു. 2020-21 സാമ്പത്തിക വർഷത്തെ ലോഗ് ബുക്കുകൾ, രജിസ്റ്ററുകൾ, ചെലവ് രേഖകൾ എന്നിവ അടിസ്ഥാനമാക്കി പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു. 2020-21 വാർഷിക ധനകാര്യ പത്രിക പ്രകാരം 127857 രൂപ ഇന്ധനം വാങ്ങിയതിനായി ചെലവഴിച്ചിട്ടുണ്ട്. കൂടാതെ വാഹന അറ്റകുറ്റപ്പണികൾക്കും പരിപാലനത്തിനുമായി 65795 രൂപയും ചെലവഴിച്ചിട്ടുണ്ട്.

വാഹനം -(രജിസ്ട്രേഷൻ നം.- KL-51 J 2926)

- ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ, മുൻ അർദ്ധ വർഷത്തിൽ ഓരോ വാഹനത്തിനും ചെലവഴിച്ച തുക സംബന്ധിച്ച റിപ്പോർട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നില്ല.
- ഓരോ വാഹനത്തെ സംബന്ധിച്ചും കസ്റ്റോഡിയൻ ഓഫീസർ താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

1. ലോഗ് ബുക്ക്

2. ഇന്ധനത്തിനുള്ള ഓർഡർ ബുക്ക്

3. റിപ്പയർ രജിസ്റ്റർ

4. ഫ്യുവൽ രജിസ്റ്റർ

എന്നാൽ ലോഗ് ബുക്ക് മാത്രമാണ് പഞ്ചായത്തിൽ സൂക്ഷിച്ചു വരുന്നത്. ബാക്കിയുള്ള രജിസ്റ്ററുകൾ മേൽ പറഞ്ഞ ഉത്തരവ് പ്രകാരം സൂക്ഷിക്കുന്നില്ല. ആകയാൽ വാഹനത്തിന്റെ പ്രവർത്തനക്ഷമത ഓഡിറ്റിന് വിലയിരുത്താൻ കഴിഞ്ഞില്ല.

- ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും, യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് മാസാന്ത്യം ലോഗ് ബുക്കിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.
- ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ നിന്നും സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ് എന്ന് വ്യവസ്ഥയുണ്ട്. ലോഗ് ബുക്ക് പ്രകാരം വാഹനത്തിന്റെ ഫ്യവൽ കൺസംപ്ഷൻ ടെസ്റ്റ് ,20-21 വർഷങ്ങളിൽ നടത്തിയിട്ടില്ല എന്ന് കാണുന്നു.
- കസ്റ്റോഡിയൻ ഓഫീസർ ഇടയ്ക്കിടെ ലോഗ് ബുക്ക് പരിശോധിച്ച് ക്രമപ്രകാരമാണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഓരോ യാത്രയുടെയും വിശദവിവരങ്ങൾ ഡ്രൈവർ യഥാസമയം ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതും, ആയത് യാത്ര ചെയ്തവർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.
- വാഹനങ്ങളുടെ പുക ടെസ്റ്റ് നിശ്ചിത ഇടവേളകളിൽ നടത്തിയതിന്റെ രേഖകൾ ലോഗ്ബുക്കിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/10-05-2021) മറുപടിയൊന്നും സമർപ്പിച്ചില്ല.

ഓഡിറ്റ് നിർദേശങ്ങൾ

- സ.ഉ(എം.എസ്)നം. 170/2007/തസ്വഭവ തിയതി 30-06-2007 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചുകൊണ്ട് വാഹനങ്ങളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്.
- ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നിശ്ചിത ഇടവേളകളിൽ നടത്തേണ്ടതാണ്.
- വാഹനത്തിന്റെ പുക ടെസ്റ്റ് നടത്തി സാക്ഷ്യപത്രം സൂക്ഷിക്കേണ്ടതാണ്.
- വെഹിക്കിൾ ഹിസ്റ്ററി ബുക്ക് സൂക്ഷിക്കേണ്ടതാണ്.

1-28 LED വിളക്ക് സ്ഥാപിക്കൽ -അപാകതകൾ

സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കലുമായി ബന്ധപ്പെട്ട് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

പ്രൊജക്ട്	പ്രൊജക്ട് നമ്പർ	അടങ്കൽ	ചെലവ്	LED വിളക്കുകൾ സപ്ലൈ ചെയ്ത സ്ഥാപനം
Sc സങ്കേതങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കലും റിപ്പയറിംഗും	214	300000 (പ്ലാൻ-എസ്.സി.പി)	298678 (ബിൽ നമ്പർ -13/11.9.20)	AR Lights, കരിമ്പുഴ എന്ന സ്ഥാപനത്തിൽ നിന്നും 25 വാട്ടിന്റെ 151 LED Street Light എണ്ണം വാങ്ങി
സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ	217	490000 (തനത് ഫണ്ട്)	488566 അക്കൗണ്ട് ട്രാൻസ്ഫർ	AR Lights, കരിമ്പുഴ എന്ന സ്ഥാപനത്തിൽ

				നിന്നും 25 വാട്ടിന്റെ 247 LED Street Light വാങ്ങി

പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1)25,000 രൂപയ്ക്ക് മുകളിലുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെയുള്ള വാങ്ങലുകൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ Government E Marketplace (GeM) ൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങുന്നത് നിർബന്ധമാക്കിയിട്ടുണ്ട്.

2) നിലവിലുള്ള വിളക്കുകൾ മാറ്റി പുതിയ വിളക്കുകൾ സ്ഥാപിക്കുമ്പോൾ പഴയവ തിരിച്ചേൽപിച്ചതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല

3) വിളക്കുകളുടെ റിപ്പയർ നടത്തുന്നതിന് പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വാറണ്ടി പീരിയഡിനുള്ളിൽ കേടാവുന്ന വിളക്കുകൾ മാറ്റിയത് സംബന്ധിച്ച് യാതൊരു രേഖകളും സൂക്ഷിച്ചിട്ടില്ല. നാളിതുവരെ എത്ര വിളക്കുകൾ കേടായി എന്നും മാറ്റി സ്ഥാപിച്ചവയുടെയും മാറ്റി നൽകാത്തവയുടെയും വിവരം ലഭ്യമാക്കിയിട്ടില്ല.

4)സ്റ്റാമ്പ് പേപ്പറിൽ രേഖപ്പെടുത്തിയ എഗ്രിമെന്റ് വ്യവസ്ഥകൾ പൂർണ്ണമല്ല. എഗ്രിമെന്റ് നം. & തീ. എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

5)കെ.എസ്.ഇ.ബി സാക്ഷ്യപ്പെടുത്തിയിട്ടുള്ള രേഖകൾ പ്രകാരം 398 വിളക്കുകളാണ് സ്ഥാപിച്ചിട്ടുള്ളത്. ആയത് സ്റ്റോക്കിലെടുത്തതിന്റെ രജിസ്റ്റർ ഹാജരാക്കിയില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/7.5.22) മറുപടിയൊന്നും നലകിയില്ല.

തെരുവുവിളക്കുകളുടെ പരിപാലനത്തിനായി ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഭരണ സമിതിയും ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

2020-2021 വർഷത്തെ AFS 25.04.2022 നം 13.05.2022 നം ഇടയിൽ പരിശോധിച്ചു. ആയത് ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ജില്ലാ പഞ്ചായത്ത്	2020-21	607100	96/20-21 -സമഗ്ര നെൽകൃഷി	607100	0

			വികസനം		
ജില്ലാ പഞ്ചായത്ത്	2018-19	161094	38/19: ലൈഫ് മിഷൻ പാർപ്പിട പദ്ധതി (SC)	0	1161094
ജില്ലാ പഞ്ചായത്ത്	2020-21	100000	91/19-20-ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകൽ	100000	0
ജില്ലാ പഞ്ചായത്ത്	2020-21	494139	158/19-20 -സമഗ്ര നെൽകൃഷി വികസനം	490424	3715
ബ്ലോക്ക് പഞ്ചായത്ത്	2020-21	102420	260-/19-20-സുഭിക്ഷ കേരളം 2020-തരിശ്ശു നിലകൃഷി	102420	0
ബ്ലോക്ക് പഞ്ചായത്ത്	2020-21	339000	30/19-20: ലൈഫ് മിഷൻ പാർപ്പിട പദ്ധതി - ജനറൽ വിഭാഗം	220000	119000
ബ്ലോക്ക് പഞ്ചായത്ത്	2018-19	628308	38/19: ലൈഫ് മിഷൻ പാർപ്പിട പദ്ധതി (SC)	20000	608308
ബ്ലോക്ക് പഞ്ചായത്ത്	2020-21	607100	96/20-21 -സമഗ്ര നെൽകൃഷി വികസനം	607100	0
ബ്ലോക്ക് പഞ്ചായത്ത്	2020-21	100000	91/19-20-ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകൽ	100000	0
ബ്ലോക്ക് പഞ്ചായത്ത്	2020-21	300000	93/19-20-ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	300000	0

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവണ ഏജൻസി	പ്രൊജക്ട് നം.	പ്രവൃത്തിയുടെ പേര്	ബിൽ നം.ബിൽ നം.	മുൻകൂർ നൽകിയ തുക (₹	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹)
കെ.എസ്. ഇ.ബി	117	ഇലക്ട്രിക് പോസ്റ്റ് മാറ്റൽ-തുക KSEB യിലേക്ക് ഡെപ്പോസിറ്റ് ചെയ്യൽ	25/30.3.21	97567	97567	-
കെ.എസ്. ഇ.ബി	226	കോന്നനം കോട്ടിൽ റോഡ്, ഗണപതിപ്പാറ കോളനി, കാളുണ്ടിപ്പാടം	024182/20.10.20	49919	49919	-

		റോഡുകളിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റുന്നതിന് തുക KSEB യിലേക്ക് ഡെപ്പോസിറ്റ് ചെയ്യൽ				
കേരള വാട്ടർ അതോറിറ്റി	283	തരുവക്കോണം കുടിവെള്ള പദ്ധതി ടാങ്ക് നിർമ്മാണവും അനുബന്ധ പ്രവൃത്തികളും	24/27.3.21	1229600	-	1229600

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

തൻവർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
EMS ലോൺ	സ.ഉ(സാ) നം.1000/ 2010/ തസ്വഭവ 3518625 തീയതി: 24.03.2010	3518625	457447	457447		0
KURDFC ലൈഫ് പദ്ധതി ലോൺ	ലഭ്യമല്ല	2660000	9094238	819215	-	8275023

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും	രശീത് നമ്പർ

			ഉദ്യോഗപ്പേരും	തിയ്യതി
2016-17	3-4,3-5	28530	ശുഭ പി.വി അസി. എഞ്ചിനീയർ	120040100773/ 22-06-2020

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

ഒന്നുമില്ല

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഈ ഇനത്തിൽ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

മുന്നിരിപ്പ്	18289957
ഓഡിറ്റ് വർഷത്തെ വരവ്	58493774
ആകെ	76783731
ഓഡിറ്റ് വർഷത്തെ ചെലവ്	59946844
നീക്കിയിരിപ്പ്	16836887
വരവിനങ്ങളിലുള്ള നഷ്ടം	ഒന്നുമില്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഒന്നുമില്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	1354692

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-

ഒന്നുമില്ല

(സി) ഭാഗം 1 പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-

ഒന്നുമില്ല

(ഡി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തടസ്സപ്പെട്ടുത്തിയ തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-18	103475	മേബിൾ ഷീല,സെക്രട്ടറി
1-21	310747	ദീപ കെ,ICDS സൂപ്പർ വൈസർ
1-23	690900	മുരുകേഷ് കെ.ആർ, അസി.സെക്രട്ടറി
1-24	249570	മുരുകേഷ് കെ.ആർ, അസി.സെക്രട്ടറി
ആകെ	1354692	

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(എഫ്) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ജി)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
മേബിൾ ഷീല, സെക്രട്ടറി, ഗ്രാമ പഞ്ചായത്ത്	സെക്രട്ടറി,ആര്യനാട് ഗ്രാമ പഞ്ചായത്ത്	നീട്ടാണി വീട്, നീതിനഗർ, പേരൂർക്കട, തിരുവനന്തപുരം ജില്ല
മുരുകേഷ് കെ.ആർ, അസി.സെക്രട്ടറി	അസി.സെക്രട്ടറി, അനങ്ങനടി ഗ്രാമ പഞ്ചായത്ത്	കൊമ്പൻമാർ വീട്, കടുക്കാം കുന്നം പി.ഓ, മലമ്പുഴ, പാലക്കാട് ജില്ല പിൻ- 678651
ദീപ കെ, ICDS സൂപ്പർവൈസർ	ICDS സൂപ്പർവൈസർ, ആലത്തൂർ ഗ്രാമ പഞ്ചായത്ത്	കോട്ടക്കളത്തിൽ വീട്, കുനത്തറ പി.ഒ, പാലക്കാട് ജില്ല.പിൻ-679523

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നുംപുറപ്പെടുവിച്ചഏറ്റവും ഒടുവിലത്തെകത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1996-97	LFP8/308/98/18-6-1998	3
1997-98	LFP8/849/02/19-92002	5
1998-99	LFP14/848/02/9-9-2002	4
1999-00	LFP14/896/063-11-2008	5
2000-01	LFP14/870/06/30-11-2009	6
2001-02	LFP14/871/06/30-11-2009	8
2002-03	LFP14/872/06/30-11-2009	4
2003-04	LFP14/873/06/30-11-2009	6
2004-05	LFP17/12/17-9-2012	7
2005-06	LFP16/12/10-4-2013	5
2006-07	LFP16/19/20-9-2012	3
2007-08	LFP1618576-5-13/	7
2008-09	LFP16/966/17-7-12	5
2009-10	LFP16/965/12/3-8-12	6
2010-11	LFP16/859/13/2-12-2013	6
2011-12	LFP16/1274/14/21/10/2014	5
2012-13	LFP16/18/2015/7-3-2015	7

2013-14 2014-15	KSA PKD 16/1191/2016/ 14.7.2016	8
2015-16	KSA PKD16/89/17/11.01.2017	8
2016-17	KSA PKD16-1651/17/02.09.17	9
2017-18	KSA PKD16-38/19/12.02.19	8
2018-19	KSA PKD/16-1229/2019 Dt. 01.11.2019	11
2019-20	KSA PKD/16-1259/2019 Dt.07.07.2022	മുഴുവൻ

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്‌ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-3

വാർഷിക കണക്ക് -വിവിധ പത്രികകൾ

RECEIPT & PAYMENT STATEMENT For the period from 01-April-2020 to 31-March-2021			
Code.No	Description of Items	Schedule No	Amount
	RECEIPTS		
	Opening Balance		
Bank	Bank	RP-40(a)	18289957.00
Cash	Cash	RP-40(a)	0.0
	Operating		
110000000	Tax Revenue	RP-1	814990.00
130000000	Rental income from Panchayat Properties	RP-3	2000.00
140000000	Fees & User Charges	RP-4	514211.00
150000000	Sale & Hire Charges	RP-5	140935.00
160000000	Revenue Grants, Funds, Contributions & Compensations	RP-7	45718656.00
171000000	Interest Earned	RP-9	367894.00
320000000	Grants, Funds & Contributions for Specific Purposes	RP-31	7022427.00
340000000	Deposits Received	RP-34	0.0
350000000	Other Liabilities	RP-36	169775.00
	Non Operating		
180000000	Other Income	RP-10	33020.00
311000000	Earmarked Funds	RP-29	566.00
340000000	Deposits Received	RP-34	192105.00
350000000	Other Liabilities	RP-36	538235.00
431000000	Sundry Debtors (Receivables)	RP-43	2969960.00
460000000	Loans, Advances and Deposits	RP-47	9000.00
	Grand total		76783731.00
	PAYMENTS		
	Operating		
210000000	Establishment Expenses	RP-11	2692124.00
220000000	Administrative Expenses	RP-12	676833.00
230000000	Operations & Maintenance	RP-13	2341596.00
250000000	Decentralised Plan Programme- Productive Sector	RP-15	5692372.00
251000000	Decentralised Plan Programme- Service Sector	RP-16	14409159.00
252000000	Decentralised Plan Programme- Infrastructure Sector	RP-17	1926508.00
253000000	Decentralised Plan Programme- Projects not included in Sector Division	RP-18	76000.00

254000000	Expenditures of Transferred institutions and State Sponsored Schemes	RP-19	330000.00
255000000	Maintenance Projects	RP-20	8944867.00
280000000	Prior Period item	RP-26	-30828.00
320000000	Grants, Funds & Contributions for Specific Purposes	RP-31	84688.00
350000000	Other Liabilities	RP-36	5131586.00
	Non Operating		
240000000	Interest & Finance Charges	RP-14	982.00
280000000	Prior Period Item	RP-26	0.0
330000000	Secured Loans	RP-32	0.0
340000000	Deposits Received	RP-34	120982.00
350000000	Other Liabilities	RP-36	1492023.00
410000000	Fixed Assets	RP-38	10800379.00
412000000	Capital work in Progress	RP-40	0.0
431000000	Sundry Debtors (Receivables)	RP-43	2975299.00
460000000	Loans, Advances and Deposits	RP-47	2282274.00

	Closing Balance		
Bank	Bank	RP-40(b)	16836887.00
Cash	Cash	RP-40(b)	0.0
	Grand Total		76783731.00

INCOME & EXPENDITURE STATEMENT
For the period from 01-April-2020 to 31-March-2021

Code.No	Description of Items	Schedule No	Amount
	INCOME		
110000000	Tax Revenue	I-1	4022307.00
130000000	Rental Income from Panchayat / Municipal Properties	I-3	30750.00
140000000	Fee & User Charges	I-4(b)	630471.00
150000000	Sale & Hire Charges	I-5(b)	146260.00
160000000	Revenue Grants, Funds, Contributions & Compensations / Subsidies	I-6	123512027.00
171000000	Interest Earned	I-8	367894.00
180000000	Other Income	I-9	33020.00

	Total Income		128742729.00
	EXPENDITURE		
210000000	Establishment Expenses	I-10(b)	8249604.00
220000000	Administrative Expenses	I-11(b)	676833.00
230000000	Operations & Maintenance	I-12(b)	2996346.00
240000000	Interest & Finance Charges	I-13	982.00
250000000	Decentralised Plan Programme-Productive Sector / Programme Expenses	I-14	5692372.00
251000000	Decentralised Plan Programme-Service Sector	I-14(a)	41045304.00
252000000	Decentralised Plan Programme-Infrastructure Sector	I-14(b)	2418727.00
253000000	Decentralised Plan Programme-Projects not included in Sector Division	I-14(c)	76000.00
254000000	Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme)	I-14(d)	53126000.00

255000000	Maintenance Projects	I-14(e)	8982996.00
272000000	Depreciation	I-17(a)	5232783.00
	Total Expenditure		128497947.00
	Gross Surplus/ Deficit of income over Expenditure		244782.00
280000000	Prior Period Item	I-18	-32490.00
	Gross Surplus/Deficit of Income over Expenditure after prior period items.		277272.00
290000000	Transfer to Reserve Funds	I-18(a)	0.0

BALANCE SHEET
For the period from 01-April-2020 to 31-March-2021

Code.No	Description of Items	Schedule No	Amount
	LIABILITIES		
	Reserve & Surplus		
310000000	Panchayat / Municipal Fund	B-1	14051345.50
311000000	Earmarked Funds - Special Funds/Sinking Fund/Trust or Agency Fund	B-2	21195.00
312000000	Reserves	B-3	63204796.00
	Total Reserve & Surplus		77277336.50
	Grants, Contributions for Specific Purposes		
320000000	Grants, Funds & Contribution for Specific Purposes	B-4	5432990.00
	Total Grants, Contributions for Specific Purposes		5432990.00
	Loans		
330000000	Secured Loans	B-5	8275023.00
	Total Loans		8275023.00
	Current Liabilities & Provisions		
340000000	Deposits Received	B-7	734161.00
350000000	Other Liabilities	B-9	1150825.50
	Total Current Liabilities and Provisions		1884986.50
	TOTAL LIABILITIES		92870336.00
	ASSETS		
	Fixed Assets		
410000000	Fixed Assets	B-11	74932522.00
411000000	Accumulated Depreciation	B-11	-13291479.00
412000000	Capital Work in Progress	B-11(a)	0.0

	Total Fixed Assets		61641043.00
	Investments		
420000000	Investments-General Fund	B-12	0.0
	Total Investments		0.0
	Current Assets, Loans and Advances		
430000000	Stock-in-hand	B-14	0.0
431000000	Sundry Debtors (Receivables)	B-15	3196159.00
432000000	Accumulated Provisions Against Debtors (Receivables)	B-15(a)	0.0
440000000	Pre-paid Expenses	B-16	8275023.00
450000000	Cash and Bank Balance	B-17	16836887.00
460000000	Loans, Advances and Deposits	B-18	2921224.00
	Total Current Assets, Loans and Advances		0.0
	Total Current Assets, Loans and Advances		31229293.00
	Other Assets		
	Miscellaneous Expenditure (To the Extent not written off)		
	TOTAL ASSETS		92870336.00

ഡെപ്യൂട്ടി ഡയറക്ടർ